

ഫോട്ടോ: [illegible]

വാർന്നുവീണ ഓരോ
തുള്ളി ചോരയും
ജീവൻ പകർന്നു.
മുറിഞ്ഞുപോയ
കൈകാലുകൾ
അത്രമേൽ കരുത്തനാക്കി.
ജാതിപ്പിരാന്തിൻെറ
അങ്കവാൽ വെച്ച
മാധ്യമപ്രഭുക്കൾ
കുഴിച്ചുമൂടാൻ പണിപ്പെ
ടുമ്പോഴും
ഈ വിപ്ലവകാരി
ഒരുപാടൊരുപാട
ഹൃദയങ്ങളെ
കീഴടക്കുന്നു;
ദേശാതിർത്തികളെ
ഭേദിച്ച്...

ഇന്ന് പഞ്ചാബിലെയും ഹരിയാനയിലെയും അത്താഴപഷ്ണിക്കാരായ അമ്മമാർ കുഞ്ഞുമക്കളെ നെഞ്ചോട് ചേർത്ത് പാടിക്കേൾപ്പിക്കുന്നത് ബന്ത്സിംഗിൻെറ വീരഗാഥയാണ്!

# സുനോ... ബന്ത്സിംഗ് കീ വീർ കഹാനി

വാരാദ്യമാധ്യമം
ഒക്ടോബർ 15 ഞായർ 2006 ലക്കം 974

സവാദ് റഹ്മാൻ

ഇരുകരങ്ങളും കാലും ഛേദിക്കപ്പെട്ട് പ്രാണവേദനയിൽ പുളയുമ്പോഴും സമരഗീതികൾ മുഴക്കുന്ന ഈ യോദ്ധാവിനെ എന്തു പറഞ്ഞാണ് കൂട്ടരേ പരിചയപ്പെടുത്തുക? ഒന്നുറപ്പ്, ധീരം എന്ന വാക്കുപോലും തീർത്തും അപര്യാപ്തമാണതിന്.

മേലാളൻെറ കാമവും കൈയൂക്കും തീർക്കാനും അമേദ്യം പേറാനുമുള്ളതാണ് ദലിതൻെറ ഉടലെന്ന അലിഖിത ഭരണഘടനകൾക്കെതിരായ പോരാട്ടത്തിലാണ് ഇദ്ദേഹം ജീവഛവമാക്കപ്പെട്ടത്.

എങ്കിലെന്ത്?

വാർന്നുവീണ ഓരോ തുള്ളി ചോരയും ജീവൻ പകർന്നു. മുറിഞ്ഞുപോയ കൈകാലുകൾ അത്രമേൽ കരുത്തനാക്കി. ജാതിപ്പിരാന്തിൻെറ അങ്കവാൽ വെച്ച മാധ്യമപ്രഭുക്കൾ തമസ്കരണത്തിൻെറ കല്ലറകളിൽ കുഴിച്ചുമൂടാൻ പണിപ്പെടുമ്പോഴും ഈ വിപ്ലവകാരി ഒരുപാടൊരുപാട് ഹൃദയങ്ങളെ കീഴടക്കിക്കൊണ്ടിരിക്കുന്നു-ദേശാതിർത്തികളെ ഭേദിച്ച്; ഇത് ബന്ത്സിംഗ്-മൻസയിലെ വീര സിംഹം! അടിച്ചമർത്തപ്പെട്ട സമൂഹത്തിൻെറ അവകാശങ്ങൾക്കായി വാദിച്ച കുറ്റത്തിന് മകളുടെ മാനം പിച്ചിച്ചീന്തിയവർക്കെതിരെ നീതി തേടിയെന്ന അപരാധത്തിന് ഇയാളെ ഇല്ലാതാക്കാൻ ശ്രമിച്ചവർക്ക് തെറ്റി.

ഇന്ന് പഞ്ചാബിലെയും ഹരിയാനയിലെയും അത്താഴപഷ്ണിക്കാരായ അമ്മമാർ കുഞ്ഞുമക്കളെ നെഞ്ചോട് ചേർത്ത് പാടിക്കേൾപ്പിക്കുന്നത് ബന്ത്സിംഗിൻെറ വീരഗാഥയാണ്! ഗർഭപാത്രം മുതൽക്കേ പീഡനം വിധിക്കപ്പെട്ട ഇവിടത്തെ ഓരോ പെൺകുഞ്ഞിനും തൻെറ നാളെകളെക്കുറിച്ച് ധൈര്യം പകരുന്നത് ബന്ത്സിംഗ് എന്ന അഭിമാനിയായ അച്ഛൻെറ കാവലാണ്!.

ജനസംഖ്യയുടെ 31 ശതമാനത്തോളം ദലിതുകളുള്ള പഞ്ചാബ് ഈ സാധു ജനവിഭാഗങ്ങളുടെ അടിസ്ഥാന അവകാശങ്ങൾ പോലും നിഷേധിക്കുന്നതിൽ പണ്ടേ കുപ്രസിദ്ധമാണ്.

മേൽജാതി സിക്കുകാരുടെ താൽപര്യ സംരക്ഷണം മാത്രം ലക്ഷ്യംവെക്കുന്ന കോൺഗ്രസ്, അകാലിദൾ ഭരണകൂടങ്ങളെ കീഴാള വിഭാഗങ്ങളുടെ ആകുലതകൾ അലോസരപ്പെടുത്താറേയില്ല. അതുകൊണ്ടുതന്നെ ജാതിയധിഷ്ഠിത കാർഷിക സമ്പദ്വ്യവസ്ഥയുടെ എല്ലാ പുഴുക്കുത്തുകളും അവിടെ നിർബാധം പടരുന്നു.

കടുകുപാടങ്ങളിലും ഗോതമ്പുവയലുകളിലും വിളവെടുപ്പിൻെറ വീതംവെപ്പ് കഴിഞ്ഞ തടിയൻ സർദാർജിമാർ ഹയോറജ പാടി നൃത്തം ചവിട്ടുമ്പോഴും എരിയുന്ന വയറുമായി അടിയാളർ ജീവിതത്തിൻെറ രണ്ടറ്റങ്ങളും കൂട്ടിമുട്ടിക്കാൻ ക്ലേശിച്ചുകൊണ്ടേയിരുന്നു. മൻസാ ജില്ലയിലെ ബുർഝബ്ബാർ ഗ്രാമത്തിലാണ് ബന്ത്സിംഗിൻെറ ജനനം.

ജന്മിമാരുടെ പാടങ്ങളിൽ എല്ലുമുറിയെ പണിയെടുത്തിട്ടും നിത്യദരിദ്രരായി കഴിയേണ്ടിവന്ന അച്ഛൻെറയും മുതിർന്ന ചേട്ടന്മാരുടെയും ദുരിതജീവിതം കണ്ടാണ് ബന്ത് വളർന്നുവന്നത്. അന്നേ ഒന്നുറപ്പിച്ചിരുന്നു വരുംതലമുറകളെയെങ്കിലും ഈ നുകങ്ങളിൽ നിന്ന് സ്വതന്ത്രമാക്കണമെന്ന്. മർദിതരുടെ ഉയിർപ്പുപാട്ടുകൾ പാടിയ സന്ത്റാം ഉദാസിയുടെ ശീലുകൾ ആ മനസ്സിന് ഊർജം പകർന്നു. ഇടതുപക്ഷ പ്രസ്ഥാനങ്ങളോടുള്ള ആഭിമുഖ്യം വിപ്ലവബോധത്തെ ആളിക്കത്തിച്ചു. ഒരു ജന്മിയുടെ കളപ്പുരയിലും ഇയാൾ തൊഴിൽ തേടിപ്പോയില്ല. സ്വന്തമായി പന്നികളെയും കോഴികളെയും വളർത്തി കുടുംബം പോറ്റി. ചന്തമുള്ള നാടൻ കളിക്കോപ്പുകൾ പണിത് അങ്ങാടികൾ കറങ്ങി വിറ്റഴിച്ചു. മേലാളരുടെ പിന്നാമ്പുറങ്ങളിൽ ഇരക്കാതെയും ഒരു ദലിതന് ജീവിക്കാനാവുമെന്ന് അങ്ങനെ ബോധ്യപ്പെടുത്തി. പാതി തളർന്ന പത്നി ഹർബൻസ് കൗറിനെയും പ്രായം ചെന്ന അച്ഛനെയും എട്ടു മക്കളെയും അന്തസ്സോടെ പോറ്റി. പട്ടിണിപ്പാവങ്ങളെ ചൂഷണം ചെയ്ത് കൊള്ളലാഭം കൊയ്യുന്നവർക്കെതിരെ ജനങ്ങളെ സംഘടിപ്പിച്ചു. സി.പി.ഐ (മാർക്സിസ്റ്റ്-ലെനിനിസ്റ്റ്) ആഭിമുഖ്യമുള്ള മസ്ദൂർ മുക്തി മോർച്ചയുടെ പ്രാദേശിക സംഘാടകരിൽ പ്രധാനിയായിരുന്നു ഇദ്ദേഹം. നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിൽ വെട്ടിപ്പുകാട്ടുന്ന ആമ്രിക് സിംഗ് എന്ന റേഷൻ ഡിപ്പോ മുതലാളിക്കെതിരെ ഒപ്പുശേഖരണം നടത്തി, ലൈസൻസ് റദ്ദാക്കാനും അദ്ദേഹത്തിനായി. മേൽജാതിക്കാരുടെ ക്രൂരതകൾക്കും ചൂഷണങ്ങൾക്കുമെതിരെ പോലിസിനെ സമീപിക്കാനും നിയമനടപടികൾ സ്വീകരിക്കാനും ദലിതരെ പ്രാപ്തരാക്കി. അങ്ങനെ മുതലാളന്മാരായ ജാട്ടുകൾക്ക് ശുണ്ഠിപിടിക്കാൻ ആവശ്യത്തിലേറെ കാരണങ്ങളുണ്ടാക്കി ബന്ത്സിംഗ്. അങ്ങനെയിരിക്കെ, 2002 ജൂലൈ ആറിന് ഇദ്ദേഹത്തിൻെറ 17 കാരിയായ മകൾ ബൽവന്ത് കൗർ ബലാൽസംഗത്തിന് ഇരയാക്കപ്പെട്ടു. മന്ദിർസിംഗ് എന്ന ജാട്ട് യുവാവും തർസേംസിംഗ് എന്ന ദലിതനുമായിരുന്നു പ്രതികൾ. ദലിത് പെൺകുട്ടികളെ വേട്ടയാടുക എന്നത് പഞ്ചാബിലെ മുതലാളിപ്പയ്യൻമാരുടെ സാദാ വിനോദങ്ങളിലൊന്നു മാത്രമാണ്. മകളുടെ ഭാവി ഇരുണ്ടുപോകുമെന്ന് ഭയന്ന് ആരും പരാതിക്കും പുകിലിനും പോകാറുമില്ല. എന്നാൽ ഇത്രനാൾ നിലനിന്ന നീതികേട് തുടരാനനുവദിക്കാൻ ബന്ത് കൂട്ടാക്കിയില്ല.

അതോടെ ഒത്തുതീർപ്പ് വാഗ്ദാനങ്ങളുമായി ഉന്നതരെത്തി. കേസ് കൊടുക്കാതിരിക്കാൻ 10 ലക്ഷം രൂപയും ആഭരണങ്ങളുമാണ് വാഗ്ദാനം ചെയ്യപ്പെട്ടത്. എന്നാൽ ഒരു പെൺകുഞ്ഞിൻെറ മാനമെന്നത് പണവും പൊന്നും കൊണ്ട് അളക്കാവതല്ലെന്ന് ബന്ത് തീർത്തുപറഞ്ഞു. ഏറെ രാഷ്ട്രീയ സ്വാധീനമുള്ളവരായിരുന്നു പ്രതികൾ. എന്നിട്ടും ബന്ത്സിംഗ് കടുകിട പിൻമാറിയില്ല. താൻ വിശ്വസിച്ച പ്രസ്ഥാനത്തിലെ സഖാക്കൾ അദ്ദേഹത്തിൻെറ കരളുറപ്പിന് ആക്കംകൂട്ടി. അങ്ങനെ പഞ്ചാബിൻെറ ചരിത്രത്തിൽ അത്യപൂർവമായി മാത്രം സംഭവിക്കുന്ന, ഒരു ദലിതന് സ്വപ്നം കാണാൻ പോലും അനുവദിക്കപ്പെടാത്തത് സംഭവിച്ചു. ബൽവന്ത് കൗർ ബലാൽസംഗക്കേസിലെ പ്രതികളെ ജീവപര്യന്തം ശിക്ഷിക്കാൻ മൻസ അഡീഷനൽ സെഷൻസ് ജഡ്ജി ജസ്റ്റിസ് ജി.കെ. റായ് ഉത്തരവായി. അവഗണനയുടെയും നീതിനിഷേധത്തിൻെറയും പടുകുഴിയിലാഴ്ത്തപ്പെട്ടു കിടന്ന ഓരോ ദലിതൻെറയും മാനം വാനോളമുയർത്താൻ പോന്നതായിരുന്നു ആ നിയമ പോരാട്ടം.

കോടതിവിധിയുടെ പ്രതികരണമെന്നോണം ബന്ത്സിംഗിനും കുടുംബത്തിനും നേരെ ഭീഷണികൾ ഉയർന്നുവന്നു. അദ്ദേഹത്തിൻെറ മൂത്ത സഹോദരൻ ഹൻസാസിംഗ് മറ്റൊരു ഗ്രാമത്തിലേക്ക് പലായനം ചെയ്യാൻ നിർബന്ധിതനായി. ബന്തിനും കൂട്ടുകാർക്കുമെതിരെ ഇടക്കിടെ കൈയേറ്റ ശ്രമങ്ങളുമുണ്ടായി. ഈ വർഷം ജനുവരി ഏഴിന് പാർട്ടിയുടെ അംഗത്വവിതരണ കാമ്പയിൻ കഴിഞ്ഞു മടങ്ങവെ, ബന്ത്സിംഗ് അതിക്രൂരമായി ആക്രമിക്കപ്പെട്ടു. മുൻകൂട്ടി തയാറാക്കിയ പദ്ധതി പ്രകാരമായിരുന്നു ഈ ചതച്ചരക്കൽ. 'ദേഷ്യം മൂത്താലോ പ്രതികാരം വീട്ടാനോ ആളുകളെ കൊല്ലാറാണ് പതിവ്. ബന്ത്സിംഗിനെ കൊല്ലാതെ ജീവഛവമാക്കിയത് കരുതിക്കൂട്ടിതന്നെയാണ്. പ്രതികരിക്കാനും പോരാടാനുമൊരുങ്ങുന്ന ദലിതർക്ക് ഒരു പാഠമാവാൻ വേണ്ടി' – ബന്ത്സിംഗിൻെറ സഖാവും തൊഴിലാളി സംഘാടകനുമായ സുഖ്ദർശൻ സിംഗ് നാത്ത് പറയുന്നു.

മൻസയിലെ സർക്കാർ ആശുപത്രിയിലെത്തിച്ചെങ്കിലും 1000 രൂപ കൈക്കൂലി ആവശ്യപ്പെട്ട് ചികൽസ 36 മണിക്കൂർ വൈകിച്ചു. പിന്നീട് ചണ്ഡീഗഢ് മെഡിക്കൽ കോളജിൽ വെച്ച് ചതഞ്ഞ് രക്തം ചത്തുപോയ ഇരുകരങ്ങളും ഒരു കാലും മുറിച്ചുനീക്കേണ്ടിവന്നു. അവശേഷിക്കുന്ന കാൽ ഉരുക്കുകമ്പികളുടെ കൂട്ടിനുള്ളിലുമായി. വേദനക്കിടയിൽ ബോധം തെളിഞ്ഞപ്പോൾ ബന്ത് പറഞ്ഞു: 'പൊരുതുവാൻ കൈകാലുകൾ വേണമെന്നാരു പറഞ്ഞു: എൻെറ മുഖ്യ ആയുധങ്ങൾ ശബ്ദവും മനസ്സും കീഴ്പെടുത്താൻ അവർക്കായില്ലല്ലോ, എനിക്കിപ്പോഴും പാടാനാവും, ഞാൻ പൊരുതിക്കൊണ്ടേയിരിക്കും.'

ബന്തിനെ ആക്രമിച്ച മേൽജാതിക്കാരെ രക്ഷിക്കാനുള്ള ശ്രമങ്ങൾ ജനകീയ ഐക്യത്തിനു മുന്നിൽ പാളിപ്പോയി. മുഖ്യധാരാ രാഷ്ട്രീയസംഘടനകളും മാധ്യമങ്ങളും ഈ വിഷയത്തിലും പതിവു മൗനം തുടർന്നു. ദൽഹി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പൗരാവകാശ കൂട്ടായ്മയായ 'ഫോറം ഫോർ ഡമോക്രാറ്റീവ് ഇനീഷ്യേറ്റീവി'ൻെറ വസ്തുതാന്വേഷണ സംഘം ഈ കൊടുംക്രൂരത പുറംലോകത്തെത്തിച്ചു. ജനങ്ങളുടെ പത്രമായ തെഹൽക ബന്ത്സിംഗ് സംഭവം ഒരു കാമ്പയിൻ ആക്കുന്നതിലും വിജയിച്ചു.

ബന്ത്സിംഗിൻെറ അതിജീവനകഥ പഞ്ചാബിലെ ദലിതുകളുടെ സ്വാതന്ത്ര്യബോധത്തിൽ തെല്ലൊന്നുമല്ല മാറ്റം വരുത്തിയത്. അതിക്രമങ്ങൾ ഏറെ കുറഞ്ഞു. ഉണ്ടായാലാവട്ടെ, നീതി തേടി ചെല്ലാനുള്ള ധൈര്യം വെച്ചു ഈ ജനതക്കിപ്പോൾ. എന്നാൽ 10 മാസം നീണ്ട ആശുപത്രിവാസം ബന്തിൻെറ കുടുംബത്തിൻെറ വരുമാനമാർഗങ്ങൾ അടച്ചുകളഞ്ഞു.

ലൈംഗിക പീഡനത്തിനിരയാക്കപ്പെട്ട മകൾ ഇപ്പോൾ വിവാഹിതയും ഒരു കുഞ്ഞിൻെറ അമ്മയുമാണ്. ജില്ലാ കോടതി വിധിക്കെതിരെ അപ്പീൽ പോയ പ്രതികൾ മൊഴിമാറ്റാനുള്ള പ്രലോഭനങ്ങളുമായി ഈ യുവതിയെ വട്ടമിടുന്നു. 'എൻെറ അച്ഛൻ ഇന്നനുഭവിക്കുന്ന വേദനകളെല്ലാം എനിക്കു നീതി സമ്പാദിക്കാൻ നടത്തിയ യുദ്ധത്തിൽ സംഭവിച്ചതാണ്. ആ വലിയ മനുഷ്യൻെറ മകളാണെന്നതിൽ ഞാൻ അഭിമാനിക്കുന്നു. പണക്കിഴികളുമായി ഇനിയവരെത്തിയാൽ ചുടുകട്ടകൾ കൊണ്ടാവും ഞാൻ നേരിടുക.' –പണമൊഴുക്കിയും അന്വേഷണ പ്രഹസനങ്ങൾ നടത്തിയും സ്ത്രീനീതി കുഴിച്ചുമൂടാമെന്ന് ധരിച്ചുവശായിരിക്കുന്നവരെല്ലാം കരുതിയിരിക്കട്ടെ ഈ പെൺകുട്ടിയുടെ വാക്കുകൾ.

വിദഗ്ധ ചികിൽസകൾക്കും കൃത്രിമ കൈകാലുകൾ പിടിപ്പിക്കുന്നതിൻെറ സാധ്യതകൾ ആരായുന്നതിനുമായി തലസ്ഥാനത്തെ സെൻറ് സ്റ്റീഫൻസ് ആശുപത്രിയിൽ കഴിയുകയാണ് ബന്ത്സിംഗിപ്പോൾ. കഴിഞ്ഞയാഴ്ച ആശുപത്രിയിൽ സന്ദർശിക്കാനെത്തിയ അരുന്ധതി റോയിയുടെ സംഘത്തോട് തൻെറ ഭാവിപ്രവർത്തനങ്ങൾ ബന്ത് ഇങ്ങനെ വിവരിച്ചു:

'അടിച്ചമർത്തപ്പെട്ടവർ എക്കാലത്തും അതുപോലെ ഇരകളായി തുടരും എന്നു കരുതിയവർ അഭിപ്രായം മാറ്റാൻ തയാറെടുത്തുകൊള്ളട്ടെ. വരാനിരിക്കുന്നത് അതിജീവനപ്പോരാട്ടത്തിൻെറ നാളുകളാണ്. രാജ്യത്തിൻെറ ഏതൊരു കോണിൽ നീതിനിഷേധമുണ്ടായാലും അതിനെതിരെ ശബ്ദമുയർത്താൻ ഞാൻ ഒരുങ്ങുകയാണ്, യുദ്ധമുന്നണിയിൽ എനിക്ക് നടക്കാനാവും, ഓടാൻ പോലും കഴിയും.'

പഞ്ചാബ് ലോകർക്ക് സമ്മാനിച്ച സർദാർ ഭഗത്സിംഗിനെപ്പോലെ വിപ്ലവം എന്ന വാക്കിന് മറ്റൊരു പര്യായപദമായി മാറുകയാണ് ബന്ത്സിംഗ്.

ജീവിച്ചിരിക്കെതന്നെ ഇതിഹാസമായി മാറിക്കഴിഞ്ഞ ഈ തീപ്പൊരിനക്ഷത്രം അടിച്ചമർത്തപ്പെട്ടവർക്ക് വഴിവിളക്കായി തലയെടുപ്പോടെ ചരിത്രത്തിലേക്ക് നടന്നു കയറട്ടെ എന്നാശിക്കുക, നമുക്ക് പ്രാർഥിക്കാം.



സെൻറ് സ്റ്റീഫൻസ് ആശുപത്രിയിൽ ബന്ത്സിംഗിനെ അരുന്ധതിറോയി സന്ദർശിച്ചപ്പോൾ

ഫോട്ടോ: സജീദ് മൊഹിയുദ്ദീൻ